എന്ന പേരിലോ മറേറാ കൂറെ ആളുകളെ നിയമിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലേ;

(ജി) അവക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാം;

(എച്ച്) ഇപ്പോൾ നിയമിക്കുവാൻ തീച്ചപ്പെടുത്തിയിരിക്കുന്നതു് എത്രപേരെയാണെന്നും അതു് ആരൊക്കെയാണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാമെന്നും പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) നൽ.

(ബി) രജിസ്ടർ ചെയ്തതു് ഫവ. രജിസ്ടർ ചെയ്യാത്തതു് ഫഥ.

(സി) ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഫഥ -ാം അനുബന്ധം നോക്കുക)

(ഡി)

ഫഫഫ൪ -ൽ

നമ്പ്ർ	സംഘം	കടം	ഗ്രാൻറ്	റിമാർക്സ്
		ക.	ക.	
ക	അനിലപുരം	ഫ൪൦	....	എല്ലാം കൊടുത്തുതീർത്തു
ഖ	കരുപ്പടന്ന	ന൦൦	....	
ഗ	മുളകുന്നത്തുകാവു്	ഫ൪൦	ഖ൦൦	
ഘ	മുള്ളൂരുത്തി	ഫ൪൦	....	
ങ	പള്ളൂരുത്തി	ഫ൪൦	൪൦	
ന	മരത്താക്കര	....	ക൦൦	
ഩ	എട്ടുമന കർഷക സംഘം	....	൪൦	

ഫഫഭ-ൽ

ക	കരുപ്പടന്ന	....	ഖ൦൦	അനുവദിച്ചു
ഖ	നടത്തറ	....	ന൦൦	കൊടുത്തിട്ടില്ല

(ഇ) ഗ്രാമോദ്ധാരണത്തിനു് പ്രത്യേക സഹായധനം എന്ന ഇനത്തിൽ നിന്നു.

(എഛ) ഇല്ല.

(ജി), (എച്ച്) (എഛ) നമ്പ്ർ ചോദ്യോത്തരം കൊണ്ടു് മറുപടി ആവശ്യമില്ല.

PUDUKULAM TANK—PARTICULARS REGARDING

457. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് സഭയെ മറുപടി പറയുമോ:—

(എ) വലിയപറമ്പിൽ നിന്നും കൊവൈന്തപള്ളി റോഡിൽ ചെന്നവസാനിക്കുന്ന കുരുവിലശ്ശേരി റോഡിൻറെ ഏകദേശം മദ്ധ്യത്തിൽ വഴിക്കു തൊട്ടു പടിഞ്ഞാറുഭാഗത്തായി കിടക്കുന്ന "പുതുക്കുളം" പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിന്നു് പൊതുജനോപയോഗപ്രദമാക്കി കൊടുപ്പാൻ കുരുവിലശ്ശേരി, വടമ, മാള, ആലത്തൂർ എന്നീ വില്ലേജു് നി

LIBRARY ARCHIVES Kerala Legislative Assembly

വാസികൾ ഗവൺമെൻറിലേക്ക് എത്ര ഹർജികൾ ബോധിപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സംഗതിയെ പരാമർശിച്ച് എത്ര പൊതുയോഗങ്ങളിൽ പ്രമേയങ്ങൾ പാസ്സാക്കി ഗവൺമെൻറിലേക്കയച്ചിട്ടുണ്ട്;

(സി) പ്രസ്തുത ഹർജികൾക്കും പൊതുയോഗ പ്രമേയങ്ങൾക്കും ഗവൺമെൻറ് അനുകൂലമായ മറുപടികൾ കൊടുത്തിട്ടില്ലേ;

(ഡി) പഞ്ചായത്തിൽ നിന്നും ഈ കുളം പണിയെ സംബന്ധിച്ച് എതെല്ലാം നടവടികൾ എടുത്തിട്ടുണ്ട്;

(ഇ) ആ പ്രദേശത്തു് എല്ലാ ജാതി മതസ്തർക്കും ഉപയോഗിക്കാവുന്ന പൊതുക്കുളം എതെങ്കിലും ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഹർജിക്കാർ ആവശ്യപ്പെട്ടുന്ന കുളത്തിൻെറ പണി കഴിയുന്ന വേഗത്തിൽ നടത്തുവാൻ ഒരു വഴിയുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) & (ബി) ഫ്രഫ്രസ-ലും ഫ്രഫ്രർ-ലും ഇതിനെപ്പറ്റി ഓരോ ഹർജികൾ കിട്ടിയിട്ടുണ്ട്. ചോദ്യത്തിൽ ഏതു കാലം മുതൽ ഏതു കാലം വരെ കിട്ടിയിട്ടുള്ള ഹർജികളും പ്രമേയങ്ങളുമാണെന്ന് പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ ശരിയായ സമാധാനം പറയുന്നതിന്ന് നിവൃത്തിയില്ല.

(സി) മുൻപറഞ്ഞ ഹർജികളിന്മേൽ കുളം നന്നാക്കേണമെങ്കിൽ ടി കുളം പ്രതിഫലം കൂടാതെ ഗവൺമെൻറിലേക്ക് കഴിഞ്ഞുതരിക്കയൊ അല്ലെങ്കിൽ അതു് അകവയർ ചെയ്യുന്നതിനുള്ള സംഖ്യ ഹർജിക്കാർ കെട്ടിവെക്കുകയൊ ചെയ്യണമെന്നു് ഉത്തരവായിട്ടുണ്ട്.

(ഡി) ഫ്ര—ഫ്ര—ഫ്രഫ്രര -ൽ കൂടിയ പഞ്ചായത്തു യോഗത്തിൽ ഈ പണി നടത്തേണ്ടതാണെന്നു കാണിച്ചു് റസലൂഷൻ പാസ്സാക്കീട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഗവൺമെൻറ് ഉത്തരവിൽ പ്രസ്താവിച്ചപോലെ ഹരജിക്കാർ പ്രവൃത്തിക്കുന്നതായാൽ ഗവൺമെൻറ് ഇക്കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കുന്നതാണു്.

KATTUR PANCHAYAT—AVALCHIRA—IMPROVEMENT OF

458. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) കാട്ടൂർ പഞ്ചായത്തിൽ പെട്ട ആവൽചിറ റോഡാവശ്യത്തിലേക്ക് ഇതുവരെ എന്തു ചിലവായിട്ടുണ്ട്;

(ബി) ചിലവുചെയ്തിട്ടുള്ള സംഖ്യ ഏതേതു കൊല്ലങ്ങളിൽ, ഏതേതു പണികൾക്ക്;

LIBRARY ARCHIVES Kerala Legislative Assembly